**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **10/08/2017 ൽ**

**നിയമസഭാ ചോദ്യം നമ്പർ :*111** **മറുപടിയ്ക്ക്**

**ചെറുകിട കശുവണ്ടി വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ**

**ചോദ്യം**

**ശ്രീ.എം.രാജഗോപാലൻ**

**ശ്രീ.ആർ.രാജേഷ്**

**ശ്രീ.എൻ.വിജയൻ പിള്ള**

**ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**

**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചെറുകിട കശുവണ്ടി വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. തോട്ടണ്ടിയുടെ വിലവർദ്ധനയും ലഭ്യതക്കുറവും ബാങ്കിൽ നിന്നും ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും ചെറുകിട വ്യവസായികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇതിന്റെ പരിഹാരത്തിനായി തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾ /കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനിയുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ നിയമിച്ച ബോർഡിന്റെ സ്പെഷ്യൽ ഓഫീസറായ ശ്രീ.മാര പാണ്ഡ്യൻ ഐ.എ.എസ് (റിട്ട) ന്റെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരളത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ഉണ്ട്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്), പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി |

| | | | |
|---|---|---|---|
| | | | വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ), 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തു വരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ) യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി ഏജൻസിയുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകി വരുന്നു.<br>കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>കൂടാതെ കൃഷി,വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| സി) | കശുവണ്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി, മറ്റ് വ്യവസായ ആവശ്യങ്ങൾക്കായി നീക്കിവച്ച വനഭൂമിയിലും തരിശായി കിടക്കുന്ന സ്ഥലങ്ങളിലും കശുമാവ് കൃഷി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | സി) | തരിശായി കിടക്കുന്ന സർക്കാർ ഉടമസ്ഥതയിൽ ഉൾപ്പെടെയുള്ള ഭൂമിയിൽ കശുമാവ് കൃഷി ചെയ്യാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ബഹു.മത്സ്യബന്ധന ഹാർബർ എഞ്ചിനിയറിംഗ് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെയും, വനം വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 24/5/2017 തീയതിയിൽ നടന്ന മീറ്റിംഗിൽ വച്ച് വിവിധ വകുപ്പ് മേധാവികൾ 300 ലധികം ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യാൻ സമ്മതിച്ച്; കൃഷി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ആന്ധ്രാപ്രദേശിൽ കശുമാവ് കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ? | (ഡി) | ഈ വിഷയം ആന്ധ്രാസർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവന്നെങ്കിലും ആന്ധ്രാസർക്കാർ മുന്നോട്ട് വച്ച നിർദ്ദേശം സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നതായിരുന്നില്ല. |

സെക്ഷൻ ഓഫീസർ